**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4665** **19-07-2022 - ൽ മറുപടിയ്ക്ക്**

**മത്സ്യത്തൊഴിലാളികളായ സ്ത്രീകളുടെ ഉന്നമനത്തിന് സ്വീകരിച്ച നടപടികൾ**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ** | | **ശ്രീ. വി. അബ്ദുറഹിമാൻ (മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | മത്സ്യവില്പനയും അനുബന്ധ തൊഴിലുകളും ചെയ്യുന്ന മത്സ്യത്തൊഴിലാളികളായ സ്ത്രീകളുടെ ഉന്നമനത്തിന് വേണ്ടി വകുപ്പ് കൈക്കൊണ്ട നടപടികൾ അറിയിക്കാമോ; | (എ) | വിശദാംശം അനുബന്ധം 1 ആയി ചേർക്കുന്നു. |
| (ബി) | മത്സ്യബന്ധന വകുപ്പിന് കീഴിൽ രൂപീകരിച്ച ഏജൻസിയായ സൊസൈറ്റി ഫോർ അസിസ്റ്റൻസ് ടു ഫിഷർവിമൺ (സാഫ്) മുഖേന തീരദേശ ജില്ലകളിൽ നടപ്പിലാക്കിയ പദ്ധതികൾ വിശദമാക്കാമോ; | (ബി) | വിശദാംശം അനുബന്ധം 1 ആയി ചേർക്കുന്നു. |
| (സി) | പ്രസ്തുത ഏജൻസിയുടെ ഉദ്ദേശലക്ഷ്യങ്ങൾ വിശദമാക്കാമോ? | (സി) | വിശദാംശം അനുബന്ധം 2 ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം 1

മത്സ്യവില്പനയും അനുബന്ധ തൊഴിലുകളും ചെയ്യുന്ന മത്സ്യത്തൊഴിലാളികളായ സ്ത്രീകളുടെ ഉന്നമനത്തിന് വേണ്ടി കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ്, സാഫ്, മത്സ്യഫെഡ് എന്നിവ മുഖേന വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

**കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ**

മത്സ്യവിപണന സംസ്കരണ മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികളെയാണ് അനുബന്ധത്തൊഴിലാളികളായി കണക്കാക്കുന്നത്. മത്സ്യവിപണനവും, അനുബന്ധത്തൊഴിലുകളും ചെയ്യുന്ന മത്സ്യബോർഡിൽ അംഗങ്ങളായ സ്ത്രീകൾ ഉൾപ്പെടെയുള്ളവരുടെ സാമൂഹ്യ സാമ്പത്തിക ക്ഷേമത്തിനുതകുന്ന വിവിധ പദ്ധതികൾ മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

ഇവയിൽ വാർദ്ധക്യകാല പെൻഷൻ, ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി തീരാരോഗ്യം പദ്ധതി, "തണൽ ധനസഹായ പദ്ധതി", കോവിഡ് മൂലമുള്ള തൊഴിൽ നഷ്ടം കണക്കിലെടുത്ത് നൽകുന്ന ധനസഹായ പദ്ധതി എന്നിവ സർക്കാരിന്റെ ധനസഹായം ഉപയോഗിച്ച് നടപ്പിലാക്കി വരുന്നു. മറ്റ് പദ്ധതികൾ ബോർഡിന്റെ തനത് ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കി വരുന്നു.

ബോർഡ് മുഖേന നടപ്പാക്കുന്ന വിവിധ പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

അനുബന്ധത്തൊഴിലാളി ക്ഷേമ പദ്ധതികൾ

1. വാർദ്ധക്യകാല പെൻഷൻ:

60 വയസ്സ് പൂർത്തിയാകുന്ന അനുബന്ധത്തൊഴിലാളികൾക്ക് നൽകി വരുന്ന വാർദ്ധക്യകാല പെൻഷൻ പദ്ധതിയാണിത്. ഈ പദ്ധതി പ്രകാരം പ്രതിമാസ പെൻഷൻ തുക 1600/- രൂപയാണ്.

2. ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി:

അപകട സാഹചര്യങ്ങളെ തീർത്തും അവഗണിച്ചുകൊണ്ട് ജീവസന്ധാരണത്തിനും നാടിന്റെ നന്മയ്ക്കും വേണ്ടി ജോലി ചെയ്യുന്ന പരമ്പരാഗത അനുബന്ധത്തൊഴിലാളികളുടെ കുടുംബഭദ്രത ഉറപ്പുവരുത്തുന്നതിനുവേണ്ടി മത്സ്യബോർഡിന്റെ തുടക്കം മുതൽ നടപ്പാക്കി വരുന്ന പദ്ധതിയാണിത്. 07.12.2007 മുതൽ മത്സ്യസുരക്ഷാപദ്ധതിക്ക് കീഴിൽ ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കി വരുന്നു. മത്സ്യബോർഡിൽ അംഗത്വമുള്ള എല്ലാ അനുബന്ധത്തൊഴിലാളികളെയും ഈ പദ്ധതി പ്രകാരം ഇൻഷ്വർ ചെയ്തിട്ടുണ്ട്. ഇൻഷ്വറൻസ് പ്രീമിയം പൂർണമായും സർക്കാർ നൽകുന്നു. ഇൻഷ്വറൻസ് പ്രീമിയമായി പ്രത്യേകം തുകയൊന്നും ഗുണഭോക്താക്കളിൽനിന്ന് ഈടാക്കുന്നില്ല എന്നതാണ് ഈ പദ്ധതിയുടെ പ്രത്യേകത.

17.12.2017 മുതൽ ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി പ്രകാരം അനുബന്ധത്തൊഴിലാളികൾക്ക് അവരുടെ നിയമാനുസൃത ആശ്രിതർക്ക് ലഭിക്കുന്ന ധനസഹായം താഴെ പറയും പ്രകാരം നൽകി വരുന്നു.

| | | |
|---|---|---|
| a | അപകടമരണം | 10 ലക്ഷം രൂപ |
| b | സ്ഥിരവും പൂർണ്ണവുമായ അവശത | 10 ലക്ഷം രൂപ |
| c | സ്ഥിരവും ഭാഗികവുമായ അവശത | 5,00,000/- രൂപ |
| d | അപകടമരണമടഞ്ഞ അനുബന്ധ ത്തൊഴിലാളികളുടെ 2 കുട്ടികൾക്ക് വിദ്യാഭ്യാസ സഹായം | 5000/-രൂപ വീതം ഒരാൾക്ക് (പരമാവധി 10,000/- രൂപ ) |
| e | അപകടംമൂലം 24 മണിക്കൂറിലധികം ആശുപത്രിയിൽ കിടത്തി ചികിൽസിക്കേണ്ടി വരുന്നവർക്ക് ധനസഹായം | 25,000/- രൂപ (പരമാവധി) |
| f | ശവസംസ്കാര ചെലവ് | 2,500/- രൂപ |

**3.** <u>അനുബന്ധത്തൊഴിലാളികളുടെ മരണത്തിന് ആശ്രിതർക്ക് ധനസഹായം:</u>

മത്സ്യത്തൊഴിലാളി ക്ഷേമനിധിയിൽ അംഗത്വമെടുത്ത് കുടിശ്ശികയില്ലാതെ വിഹിതമടച്ച് വരുന്ന മത്സ്യബന്ധന അനുബന്ധത്തൊഴിലാളി ഏത് സാഹചര്യത്തിൽ മരിച്ചാലും മററ് പദ്ധതികൾ പ്രകാരം ധനസഹായത്തിന് അർഹതയില്ലെങ്കിൽ അവരുടെ ആശ്രിതർക്ക് ധനസഹായമായി *15,000/-* രൂപ അനുവദിച്ചുവരുന്നു.

*4.* <u>പ്രസവ ശുശ്രൂഷയ്ക്കുള്ള ധനസഹായ പദ്ധതി:</u>

മത്സ്യബന്ധന അനുബന്ധത്തൊഴിലാളിയായി അംഗത്വമെടുത്തിട്ടുള്ള സ്ത്രീതൊഴിലാളികൾക്കും അനുബന്ധത്തൊഴിലാളികളുടെ ഭാര്യമാർക്കും പ്രസവ ശുശ്രൂഷയ്ക്ക് *750/-* രൂപ വീതം നൽകി വരുന്നു.

*5.* <u>എസ്.എസ്.എൽ.സി. ക്യാഷ്അവാർഡ്:</u>

അനുബന്ധമത്സ്യത്തൊഴിലാളികളുടെ മക്കളിൽ സംസ്ഥാന തലത്തിൽ എസ്.എസ്.എൽ.സി പരീക്ഷയ്ക്ക് എല്ലാ വിഷയത്തിലും എ+ നേടിയ വിദ്യാർത്ഥിയ്ക്ക് *5000/-* രൂപയും *9* എ+ നേടിയ വിദ്യാർത്ഥിയ്ക്ക് *4000/-* രൂപയും,*8* എ+ നേടിയ വിദ്യാർത്ഥിയ്ക്ക് *3000/-* രൂപയും നൽകുന്നു. കൂടാതെ ഫിഷറീസ് ടെക്നിക്കൽ സ്കൂളിൽ പഠിക്കുന്ന ഏററവും ഉയർന്ന ഗ്രേഡ് ലഭിക്കുന്ന *3* വിദ്യാർത്ഥികൾക്ക് *3000/-* രൂപയും നൽകുന്നു.

*6.* <u>രോഗ ചികിൽസാ പദ്ധതി</u>

അനുബന്ധത്തൊഴിലാളികളുടെ രോഗ ചികിൽസയ്ക്ക് സാമ്പത്തിക സഹായം നൽകുന്ന പദ്ധതി *21.05.2002* മുതൽ പ്രാബല്യത്തിൽ വരികയുണ്ടായി. താഴെ പറയുന്ന രോഗങ്ങൾക്കാണ് സാമ്പത്തിക ധനസഹായം അനുവദിക്കുന്നത്.

പദ്ധതിയിൽപ്പെടുന്ന രോഗങ്ങളും ധനസഹായവും:-

| | | | |
|---|---|---|---|
| 1. | ഹൃദ്രോഗം | പരമാവധി | 25,000/- രൂപ |
| 2. | വൃക്കരോഗം | പരമാവധി | 25,000/- രൂപ |
| 3. | ക്യാൻസർ | പരമാവധി | 25,000/- രൂപ |
| 4. | തലച്ചോറിലെ ട്യൂമർ | പരമാവധി | 25,000/- രൂപ |
| 5. | തളർവാതം | പരമാവധി | 10,000/- രൂപ |
| 6. | ചികിത്സിച്ച് ഭേദമാക്കാൻ പറ്റുന്ന മാനസിക രോഗം | പരമാവധി | 10,000/- രൂപ |
| 7. | ഗർഭാശയ സംബന്ധമായ രോഗം | പരമാവധി | 5,000/- രൂപ |

7. അനുബന്ധത്തൊഴിലാളികളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായ പദ്ധതി:

അനുബന്ധത്തൊഴിലാളികളുടെ പെൺമക്കളുടെ വിവാഹത്തിന് സൗജന്യ ധനസഹായമായി 10,000/- രൂപ നൽകുന്ന പദ്ധതിയാണിത്.

8. കുടുംബ സംവിധാന പദ്ധതി:

അനുബന്ധത്തൊഴിലാളി കുടുംബത്തിലെ ഭർത്താവോ ഭാര്യയോ കുടുംബാസൂത്രണ ശസ്ത്രക്രിയയ്ക്ക് വിധേയമായാൽ അതിനെ തുടർന്നുള്ള ശുശ്രൂഷയ്ക്ക് 500/- രൂപ ധനസഹായമായി ഈ പദ്ധതി പ്രകാരം അനുവദിക്കാവുന്നതാണ്.

9. ഉന്നത വിദ്യാഭ്യാസ പ്രോൽസാഹന പദ്ധതി.

ബോർഡ് ഓഫ് ഹയർ സെക്കണ്ടറി (+2) പരീക്ഷയിൽ എല്ലാ വിഷയത്തിലും എ+ ഗ്രേഡ് കരസ്ഥമാക്കുന്ന വിദ്യാർത്ഥികൾക്ക് 5000/- രൂപയും വൊക്കേഷണൽ ഹയർ സെക്കണ്ടറി പരീക്ഷയിൽ എല്ലാ വിഷയത്തിലും എ+ ഗ്രേഡ് ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് 5000/- രൂപ വീതം ക്യാഷ് അവാർഡും മെറിറ്റ് സർട്ടിഫിക്കറ്റും, മൊമെൻറോയും നൽകുന്നു.

10. ബോർഡിന്റെ പ്രത്യേക ധനസഹായം:

ദുരിതമനുഭവിയ്ക്കുന്ന അനുബന്ധത്തൊഴിലാളികൾക്ക് മാനുഷിക പരിഗണനയുടെ അടിസ്ഥാനത്തിൽ ബോർഡിന്റെ തീരുമാനത്തിനു വിധേയമായി നിശ്ചിത തുക ധനസഹായമായി ബോർഡിൽ നിന്നും അനുവദിയ്ക്കുന്നു.

**പ്രത്യേക പദ്ധതികൾ**

1. തണൽ പദ്ധതി

സംസ്ഥാന സർക്കാർ കേരളത്തിലെ പരമ്പരാഗത മത്സ്യത്തൊഴിലാളി / അനുബന്ധത്തൊഴിലാളികൾക്കായി നടപ്പിലാക്കുന്ന സാമ്പത്തിക സഹായ പദ്ധതിയാണ് തണൽ. ഫിഷറീസ് തൊഴിൽ വകുപ്പുകളുടെ സംയുക്ത സംരംഭമായ ഈ പദ്ധതി പ്രകാരം FIMS ൽ എൻറോൾ ചെയ്ത മത്സ്യത്തൊഴിലാളികൾക്കും അനുബന്ധത്തൊഴിലാളികൾക്കും പരമാവധി 1350/- രൂപ നിരക്കിൽ ധനസഹായം നൽകുന്നു.

2. കോവിഡ്-19 പാൻഡമിക് അസിസ്റ്റൻസ്

2021–22 വർഷം കോവിഡ്-19– രണ്ടാം തരംഗം മൂലം മത്സ്യത്തൊഴിലാളികൾക്കും അനുബന്ധത്തൊഴിലാളികൾക്കുമുണ്ടായ തൊഴിൽ നഷ്ടം മൂലമുള്ള സാമ്പത്തിക നഷ്ടം ലഘൂകരിക്കുന്നതിന് കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർചെയ്തിട്ടുള്ള എല്ലാ മത്സ്യത്തൊഴിലാളികൾക്കും അനുബന്ധത്തൊഴിലാളി കൾക്കും 1000/– രൂപ വീതം ധനസഹായം നൽകുന്ന പദ്ധതിയാണിത്.

3. തീരാരോഗ്യം പദ്ധതി. (2021–22)

മാരകരോഗം ബാധിച്ച മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ ത്തൊഴിലാളികളുടെയും തുടർ ചികിൽസ ഉറപ്പാക്കുന്നതിനുവേണ്ടി സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കുന്ന പദ്ധതിയാണ് തീരാരോഗ്യം പദ്ധതി. ഈ പദ്ധതി പ്രകാരം ഡയാലിസിസ്, കാൻസർ ചികിൽസ, തളർവാതം/കിടപ്പുരോഗം, സ്ത്രീ സംബന്ധമായ രോഗങ്ങൾ, ഹൃദയം തുറന്നുള്ള ശസ്ത്രക്രിയയ്ക്കുശേഷം ഉള്ള ചികിൽസ, കരൾ രോഗത്തിനുള്ള ചികിൽസ, ഓട്ടിസം/ മാനസിക വെല്ലുവിളിനേരിടുന്ന കുട്ടികളുടെ ചികിൽസ എന്നിവയ്ക്കുള്ള തുടർ ചികിൽസ ആനുകൂല്യങ്ങളാണ് നൽകി വരുന്നത്.

ഈ പദ്ധതിക്കായി പരിഗണിക്കുന്ന രോഗചികിത്സകൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | രോഗ ചികിൽസ | തീരാരോഗ്യം പദ്ധതി |
|---|---|---|
| 1 | കാൻസർ | 50,000/– രൂപ പരമാവധി |
| 2 | തളർവാതം/ കിടപ്പുരോഗം | 20,000/– രൂപ പരമാവധി |
| 3 | ഗർഭാശയ സംബന്ധമായ രോഗം | 10,000/– രൂപ പരമാവധി |
| 4 | ഹൃദയം തുറന്നുള്ള ശസ്ത്രക്രിയയ്ക്കുശേഷം ഉള്ള ചികിൽസ | 25,000/– രൂപ പരമാവധി |
| 5 | ഡയാലിസിസ് | 50,000/– രൂപ പരമാവധി |
| 6 | കരൾരോഗം | 20,000/– രൂപ പരമാവധി |
| 7 | ഓട്ടിസം/മാനസികവെല്ലുവിളി നേരിടുന്ന കുട്ടികൾ | 10,000/– രൂപ പരമാവധി |

2022-23 വർഷത്തിൽ ഈ പദ്ധതി സാന്ത്വനതീരം എന്ന പേരിലാണ് നടപ്പാക്കിവരുന്നത്. ഈ പദ്ധതിയിൽ മത്സ്യഅനുബന്ധത്തൊഴിലാളികൾക്കു പുറമെ പെൻഷണർമാരേയും ഉൾപ്പെടുത്തിയിട്ടുണ്ട്.

**<u>സൊസൈറ്റി ഫോർ അസിസ്റ്റൻസ് ടു ഫിഷർവിമെൻ (സാഫ്) മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ</u>**

1. ചെറുകിട തൊഴിൽ സംരംഭങ്ങൾ
   - 2 മുതൽ 5 വരെ അംഗങ്ങൾ അടങ്ങുന്ന ചെറുകിട സംരംഭങ്ങൾ ആരംഭിക്കുന്നു.
   - പദ്ധതി തുകയുടെ 75 ശതമാനം ഗ്രാൻറ് 20 ശതമാനം ബാങ്ക് ലോൺ, 5 ശതമാനം ഗുണഭോക്തൃവിഹിതം.

- ഒരു യൂണിറ്റിന് 5 ലക്ഷം രൂപ വരെ ( ഒരംഗത്തിന് ഒരു ലക്ഷം രൂപ വരെ) ഗ്രാൻറ്.
- സംരംഭം ആരംഭിക്കുന്നതിന് കേരള ബാങ്ക് മുഖേന ലോൺ ലഭ്യമാക്കുന്നു.

സംരംഭങ്ങളുടെ സുസ്ഥിരതയ്ക്കായുള്ള ഇടപെടലുകൾ

- ചെറുകിട തൊഴിൽ സംരംഭങ്ങൾക്ക് ഒരു ലക്ഷം രൂപ വരെ പലിശരഹിത പ്രവർത്തന മൂലധനം .
- സാങ്കേതികവിദ്യ നവീകരണത്തിനായി 50,000 രൂപ വരെ ഗ്രൂപ്പുകൾക്ക് തിരിച്ചടക്കാത്ത ഗ്രാൻറ്
- ഗ്രൂപ്പുകൾക്കായി 5 ലക്ഷംരൂപ വരെയുള്ള ബാങ്ക് ലോണിന് 5% പലിശ സബ്സിഡി
- നൂതനവും സാങ്കേതികവുമായ എല്ലാവിധ പരിശീലനങ്ങളും പൂർണ്ണമായും സൗജന്യമായും
- ഗ്രൂപ്പുകളുടെ ഉല്പന്നങ്ങൾ ജനങ്ങളിലേക്ക് എത്തിക്കുന്നതിനായി മേളകളും എക്സിബിഷനുകളും.
- 100 യൂണിറ്റുകളെ ആദ്യഘട്ടത്തിൽ ഓൺലൈൻ മാർക്കറ്റിംഗ് & സെയിൽസ് സംവിധാനത്തിലേക്ക് കൊണ്ടുവന്നു.
- തീരമൈത്രി യൂണിറ്റുകളെ വിവിധതരം മേളകളിലും എക്സിബിഷനുകളിലും പങ്കെടുപ്പിക്കുകയും അതു വഴി അവരുടെ ഉൽപ്പന്നങ്ങൾക്ക് നല്ല വിപണി കണ്ടെത്തുന്നതിനും കഴിഞ്ഞിട്ടുണ്ട്.

2. **<u>3 ആർ പ്രോജക്ട്/ജെ.എൽ.ജി. പ്രോജക്ട് ഫോർ എൻഷ്വറിംഗ് ലൈവ്ലിഹുഡ് സെക്യൂരിറ്റി ഓഫ് ഫിഷർവിമൻ ഇൻ കേരള</u>**

മത്സ്യമേഖലയിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന മത്സ്യത്തൊഴിലാളി വനിതകൾക്ക് അവരുടെ തൊഴിൽ മുന്നോട്ട് കൊണ്ടു പോകുന്നതിന് ആവശ്യമായ മൂലധനത്തിനായി സ്വകാര്യ ധനമിടപാടുകാരെയും കൊളളപ്പലിശക്കാരെയും ചൂഷണത്തിൽ നിന്നും മുക്തരാക്കുക എന്ന ഉദ്ദേശത്തോടെ സാഫ് മുഖേന ജെ.എൽ.ജി. പ്രോജക്ട് ഫോർ എൻഷ്വറിംഗ് ലൈവ്ലിഹുഡ് സെക്യൂരിറ്റി ഓഫ് ഫിഷർവിമൻ ഇൻ കേരള പദ്ധതി നടപ്പിലാക്കുന്നു. തീരദേശമേഖലയിൽ മത്സ്യവിൽപ്പനയും അനുബന്ധതൊഴിൽ ചെയ്യുന്നവരുമായ 4660 മത്സ്യത്തൊഴിലാളി സ്ത്രീകൾക്ക് സാമ്പത്തിക സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനും കൊളളപ്പലിശക്കാരുടെ ചൂഷണം ഒരു പരിധി വരെ തടയുന്നതിനും ഔദ്യോഗിക ബാങ്കിംഗ് സംവിധാനവുമായി ബന്ധിപ്പിക്കുന്നതിനും ഈ പദ്ധതിയിലൂടെ സാധിച്ചു. നിലവിൽ 3045 മത്സ്യത്തൊഴിലാളി വനിതകളെ ഉൾക്കൊള്ളിച്ചു കൊണ്ട് 609 ജെ.എൽ.ജി. കളെ കേരള ബാങ്കുമായി ബന്ധിപ്പിച്ച് തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, കാസർഗോഡ് എന്നീ ജില്ലകളിലായി ആരംഭിച്ചിട്ടുണ്ട്. 304.50 ലക്ഷം രൂപ റിവോൾവിംഗ് ഫണ്ടായി ഉപയോഗിച്ചുവരുന്നു. 2021 22 വർഷം 1615 മത്സ്യത്തൊഴിലാളി വനിതകളെ ഉൾപ്പെടുത്തി 323 ജെഎൽജി യൂണിറ്റുകൾ ആരംഭിക്കുകയും 161.50 രൂപ റിവോൾവിംഗ് ഫണ്ടായി അനുവദിക്കുകയും ചെയ്തു. റിവോൾവിംഗ് ഫണ്ട് തിരിച്ചടവ് 100 ശതമാനം ആണ്. തിരിച്ചടവ് പൂർത്തീയാക്കുന്ന യൂണിറ്റുകൾക്ക് ടി തുക വീണ്ടും അനുവദിക്കുന്നു.

3. <u>തീരമൈത്രി സീഫുഡ് റസ്റ്റോറന്റ്</u>

തീരമൈത്രി സീഫുഡ് റസ്റ്റോറൻറ് പദ്ധതി പ്രകാരം 230 മത്സ്യത്തൊഴിലാളി വനിതകളെ ഉൾക്കൊള്ളിച്ചുകൊണ്ട് 9 തീരദേശ ജില്ലകളിലായി തനത് രുചിയോടെ തയ്യാറാക്കുന്ന ഗുണമേന്മയുള്ളതും ആരോഗ്യകരവുമായ കടൽ മത്സ്യവിഭവങ്ങൾ ഉൾപ്പെടുത്തികൊണ്ട് തീരമൈത്രി സീഫുഡ് റസ്റ്റോറൻറുകൾ ആരംഭിച്ചു. 5 പേരടങ്ങുന്ന ഒരു സീഫുഡ് റസ്റ്റോറൻറ് രൂപീകരിക്കുന്നതിനായി 5 ലക്ഷം രൂപ വരെ ഗ്രാൻറ് അനുവദിച്ചിട്ടുണ്ട്. പദ്ധതി തുകയുടെ 75 ശതമാനം ഗ്രാൻറും 20 ശതമാനം ബാങ്ക് ലോണും 5 ശതമാനം ഗുണഭോക്തൃ വിഹിതവുമാണ്. ടി പദ്ധതിയ്ക്കായി 250 ലക്ഷം രൂപ അനുവദിക്കുകയും ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതി പ്രകാരം 9 ജില്ലകളിലായി 45 തീരമൈത്രി സീഫുഡ് റസ്റ്റോറൻറുകൾ പ്രവർത്തിച്ചുവരുന്നു.

4. <u>അഷ്ടമുടി രണ്ടാംഘട്ടം പദ്ധതി – അപ്പാരൽ കൺസോർഷ്യം</u>

48 മത്സ്യത്തൊഴിലാളി വനിതകളെ ഉൾക്കൊള്ളിച്ചുകൊണ്ട് 12 തയ്യൽ യൂണിറ്റുകൾ കൊല്ലം ജില്ലയിൽ കുണ്ടറ മഹിള പവർലൂം സൊസൈറ്റി വക കെട്ടിടത്തിൽ ന്യൂട്രാക്ക് സൊസൈറ്റി എന്ന പേരിൽ കൺസോർഷ്യം മാതൃകയിൽ അതിനൂതന സാങ്കേതിക സൗകര്യങ്ങളോടെ അപ്പാരൽ പാർക്ക് പ്രവർത്തിച്ചു വരുന്നു. ഗുണഭോക്താക്കൾക്ക് ATDC മുഖേന സ്കിൽ ട്രെയിനിംഗ് നൽകുകയും ചെയ്തു. 12 തയ്യൽ യൂണിറ്റുകളുടെ രൂപീകരണത്തിനായി 36 ലക്ഷം രൂപ ഗ്രാൻറായി അനുവദിച്ചു. കൺസോർഷ്യത്തിനുള്ള ബാങ്ക് ലോൺ(30 ലക്ഷം) ലഭിക്കുന്നതിനായി 15 ലക്ഷംരൂപ മാർജിൻ മണി അനുവദിച്ചിട്ടുണ്ട്. പദ്ധതിക്കായി 81 ലക്ഷം രൂപ ചെലവഴിച്ചു.

5. <u>ഹൈജീനിക് റഫ്രിജറേറ്റഡ് മൊബൈൽ ഫിഷ് വെൻറിങ് കിയോസ്ക്</u>

മൂല്യവർദ്ധിത ഉൽപ്പന്ന സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി (CIFT) മായി ചേർന്ന് മത്സ്യത്തൊഴിലാളി വനിതകൾക്കായുള്ള ശീതീകരണ സംവിധാനത്തോടു കൂടിയ 20 മത്സ്യവിപണന കിയോസ്ക് വിതരണം ചെയ്യുതിട്ടുണ്ട് ഇതിനായി 16 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം-1, കൊല്ലം-6, കോട്ടയം-2, ആലപ്പുഴ-2, എറണാകുളം-4, തൃശ്ശൂർ-1, കോഴിക്കോട് 4 ് എന്നിങ്ങനെ 20 യൂണിറ്റുകൾക്ക് കിയോസ്കുകൾ വിതരണം ചെയ്തിട്ടുണ്ട്. 44 മത്സ്യത്തൊഴിലാളി വനിതകൾക്ക് ഇതിന്റെ പ്രയോജനം ലഭിച്ചിട്ടുണ്ട്. ഇതിനായി 12.33 ലക്ഷം രൂപ അനുവദിക്കുകയും ചെലവഴിക്കുകയും ചെയ്തു.

കൊച്ചിൻ ഷിപ്പിയാർഡ് ലിമിറ്റഡിന്റെ CSR ഫണ്ട് ഉപയോഗിച്ച് CIFT രൂപകല്പന ചെയ്ത 26 ഹൈജീനിക് റെഫ്രിജറേറ്റഡ് മൊബൈൽ ഫിഷ് വെന്റിങ് കിയോസ്കുകൾ സാഫിന്റെ ഗുണഭോക്തൃ ഗ്രൂപ്പുകൾക്ക് വിതരണം ചെയ്യുന്നു. ഈ പദ്ധതിയിൽ ഒരു കിയോസ്ക് ലഭിക്കുന്നതിനായി 11900 രൂപയാണ് ഗുണഭോക്തൃ വിഹിതമായി നൽകേണ്ടത്. ആദ്യഘട്ടത്തിൽ 14 കിയോസ്കുകൾ വിതരണം ചെയ്തിട്ടുണ്ട്. ബാക്കി 12 കിയോസ്കുകൾ വിതരണം ചെയ്യുന്നതിനായി സജ്ജമാക്കി

വരുന്നു.

കേരളബാങ്ക് മുഖേന ദീർഘകാല വായ്പപദ്ധതി

COVID-19 പശ്ചാത്തലത്തിൽ സംരംഭം മുന്നോട്ട് കൊണ്ടുപോകുവാൻ സാമ്പത്തികമായി ബുദ്ധിമുട്ടുന്ന തീരമൈത്രി യൂണിറ്റുകൾക്ക് പ്രവർത്തിക്കാൻ വേണ്ട വർക്കിംഗ് ക്യാപ്പിറ്റൽ അസിസ്റ്റൻസ് നൽകുന്നതിനും അതുവഴി സസ്റ്റെയിനബിലിറ്റി ഉറപ്പുവരുത്തുന്നതിനും ദീർഘകാല വായ്പ കേരള ബാങ്ക് മുഖേന ലഭ്യമാക്കി. കൊളാറ്ററൽ സെക്യൂരിറ്റി ഒന്നുംതന്നെ നൽകാതെ കുറഞ്ഞ പലിശ നിരക്കിലുള്ള ദീർഘ കാല വായ്പ ലഭ്യമാക്കുന്നത്. 3 വർഷതിരിച്ചടവ് കാലാവധിയിൽ 2 മുതൽ 5 വരെ അംഗങ്ങൾ ഉള്ള തീരമൈത്രി യൂണിറ്റുകൾക്ക് ഒരംഗത്തിനു 50000 രൂപ എന്ന കണക്കിൽ 2 ലക്ഷം രൂപ വരെ ലോൺ അനുവദിച്ചു. 2020–21 വർഷത്തിൽ 1054 ഗുണഭോക്താക്കൾ ഉൾപ്പെടുന്ന 359 തീരമൈത്രി യൂണീറ്റുകൾക്കായി 5 കോടി രൂപ കേരള ബാങ്കിൽ നിന്നും അനുവദിച്ചിട്ടുണ്ട്. 2021–22 വർഷത്തിൽ 139 തീരമൈത്രി യൂണീറ്റുകൾക്കായി 1.64 കോടി രൂപ കേരള ബാങ്കിൽ നിന്നും ദീർഘകാല വായ്പയായി അനുവദിച്ചിട്ടുണ്ട്.

സ്നേഹതീരം പദ്ധതി

തീരദേശ ജില്ലകളിലെയും ഉൾനാടൻ മത്സ്യബന്ധനം നടത്തുന്ന മേഖലകളിലെയും മത്സ്യത്തൊഴിലാളികൾക്ക് കുറഞ്ഞ പലിശ നിരക്കിൽ ലോൺ അനുവദിച്ച് അവരെ സ്വകാര്യ പണമിടപാട് സ്ഥാപനങ്ങളുടെ ചൂഷണത്തിൽ നിന്ന് മോചിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കേരളത്തിലെ തീരദേശത്തെ മത്സ്യത്തൊഴിലാളികൾക്ക് വായ്പ നൽകുന്നതിന് സ്നേഹതീരം പദ്ധതി നടപ്പിലാക്കുന്നു. തീരദേശം പ്രവർത്തന പരിധിയിലുള്ള പ്രാഥമിക കാർഷിക വായ്പ സംഘങ്ങൾ സാഫുമായി ചേർന്ന് പദ്ധതി നടപ്പിലാക്കുന്നു. പദ്ധതിയുടെ വായ്പ തിരിച്ചടവ് ഉറപ്പ് വരുത്തുന്നതിനായി മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കുന്നു.

മോഡൽ പീലിംഗ് യൂണിറ്റ്

ആലപ്പുഴ ജില്ലയിലെ 12 മത്സ്യത്തൊഴിലാളി വനിതകളെ ഉൾപ്പെടുത്തി 31 ലക്ഷം രൂപയുടെ മോഡൽ പീലിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള പദ്ധതി അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. പദ്ധതി തുകയുടെ 75 ശതമാനം ഗ്രാൻറും 20 ശതമാനം ബാങ്ക് ലോണും 5 ശതമാനം ഗുണഭോക്തൃ വിഹിതവും ആയിരിക്കും. ഒരംഗത്തിന് ഒരു ലക്ഷം രൂപ ഗ്രാൻറ്. സോളാർ പവർ സംവിധാനത്തോടു കൂടിയ മോഡൽ പീലിംഗ് യൂണിറ്റ് ആണ് സ്ഥാപിക്കുന്നത്. പീലിംഗ് തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് ഉയർന്ന ഗുണനിലവാരത്തിലും ഹൈജീനിക് ആയും ജോലി ചെയ്യുന്നതിന് മാതൃകയാക്കുക എന്നതാണ് ഈ പദ്ധതികൊണ്ട് ലക്ഷ്യമിടുന്നത്. എക്സ്പോർട്ടിംഗ് സെന്ററുകൾ, ലോക്കൽ മാർക്കറ്റ് എന്നിവിടങ്ങളിൽ ഹൈജീനിക് ആയി നൽകുന്നതിന് ഇതുവഴി സാധിക്കും. ഇതിലൂടെ സ്ഥിരവരുമാനവും സ്ഥിരംതൊഴിലും കണ്ടെത്തുന്നതിനും തൊഴിൽ സാഹചര്യം മെച്ചപ്പെടുത്തുന്നതിനും സാധിക്കും.

**ഓൺലൈൻ മാർക്കറ്റിംഗ് & സെയിൽ**

സാഫ് പദ്ധതിയിലെ യൂണീറ്റുകളുടെ ഉൽപ്പന്നങ്ങൾ ഓൺലൈൻ

വിപണിയിൽ എത്തിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും ബിസിനസ്സ് മെച്ചപ്പെടുത്തുന്നതിനും പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. കോവിഡ് മഹാമാരിയും തുടർന്ന് വന്ന ലോക്ക്ഡൗണുകളും തീരദേശ മത്സ്യത്തൊഴിലാളി വനിതകൾ നടത്തി വരുന്ന സാഫ് യൂണിറ്റുകളുടെ സംരംഭങ്ങളെ സാമൂഹികമായും സാമ്പത്തികമായും പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. അടച്ചുപൂട്ടൽ ഭീഷണി നേരിട്ട യൂണിറ്റുകളെ സാമ്പത്തിക തകർച്ചയിൽ നിന്ന് കരകയറ്റുന്നതിന് സാഫ് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിരുന്നു. ഇത്തരം സാഹചര്യങ്ങളിൽ ജനങ്ങൾ കൂടുതൽ ആശ്രയിച്ചിരുന്നത് ഓൺലൈൻ സംവിധാനങ്ങളെയാണെന്ന് മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ സാഫ് സംരംഭങ്ങളുടെ സുസ്ഥിരമായ നിലനിൽപ്പിലായി യൂണിറ്റുകളെ ഓൺലൈൻ മാർക്കറ്റിംഗ് & സെയിൽ സംവിധാനത്തിലേക്ക് കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സാഫിലെ 125 യൂണിറ്റുകളെ ആദ്യഘട്ടത്തിൽ വാട് സാപ്പ്, ഫെയ്സ് ബുക്ക് എന്നീ സോഷ്യൽ മീഡിയയിൽ ലിങ്ക് ചെയ്തിട്ടുണ്ട്. തിരഞ്ഞെടുത്ത യൂണിറ്റ്/ഉൽപ്പന്നങ്ങൾക്ക് രജിസ്ട്രേഷൻ. ലൈസൻസ്, ക്യൂ.ആർ കോഡ് എന്നിവ ലഭ്യമാക്കി. ഓൺലൈൻ മാർക്കറ്റിംഗ് & സെയിലിന് ആവശ്യമായസ്റ്റാൻഡേർഡ് ക്വാളിറ്റി, പ്രോഡക്ട് സാമ്പിൾ ടെസ്റ്റിംഗ്, പാക്കിംഗ്, പ്രോഡക്ട് ലേബൽ, ഡിസൈൻ, സ്റ്റോറേജ് എന്നിവ ചെയ്ത് വരുന്നു. പ്രൊഡക്ട് പ്രൊമോഷന് ആവശ്യമായ പരസ്യം, ഓൺലൈൻ പോസ്റ്റർ, ഷോർട്ട് വിഡിയോകൾ തുടങ്ങിയവ തയ്യാറാക്കി വരുന്നു. ടി സംവിധാനത്തിലെ യൂണിറ്റുകൾക്ക് അനുയോജ്യമായ ഡെലിവറി പാർട്ട്ണർമാരെ ജില്ലകൾ അതാത് പ്രദേശങ്ങളിൽ നിന്നുതന്നെ കണ്ടെത്തുകയും ഉൽപ്പന്നങ്ങൾ ഹോം ഡെലിവറി ചെയ്യുന്നതിന് അവരുമായി ലിങ്കേജ് ഉണ്ടാക്കുകയും ചെയ്ത് വരുന്നു.

തീരമൈത്രി ഓൺലൈൻ മാർക്കറ്റിംഗ് ആന്റ് സെയിൽ ആപ് രൂപീകരിച്ച് ചെറുകിട തൊഴിൽ സംരംഭക യൂണിറ്റുകളുടെ മുഴുവൻ ഉല്പന്നങ്ങളും അടുത്ത ഘട്ടത്തിൽ സാഫ് ഓൺലൈൻ പ്ലാറ്റ്ഫോമിന്റെ കീഴിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. സാഫിന്റെ ഓൺലൈൻ മാർക്കറ്റിംഗ് ആന്റ് സെയിൽ ആപ്പിൽ മുഴുവൻ യൂണിറ്റുകളെയും ഉൾപ്പെടുത്തി സംസ്ഥാനത്തുടനീളം സാഫ് ഉൽപ്പന്നങ്ങൾ ലഭ്യമാക്കുന്നതിന് ഉദ്ദേശിക്കുന്നു.

**<u>ഡിജിറ്റൽ മീഡിയ & മാർക്കറ്റിംഗ് – ഓൺലൈൻ കോഴ്സ്</u>**

ജെൻഡർ ഇക്വാളിറ്റി & വിമെൻ എംപവർമെന്റ് പോളിസി ശീർഷകത്തിൽ ഉൾപ്പെടുത്തി “Bridging the digital divide – include, up-skill & innovate” പദ്ധതി പ്രകാരം മത്സ്യത്തൊഴിലാളി കുടുംബങ്ങളിൽ നിന്നും തിരഞ്ഞെടുത്ത ബിരുദധാരികളായ 30 യുവതികൾക്ക് ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള ASAP (അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം കേരള) മുഖേന ഡിജിറ്റൽ മീഡിയ & മാർക്കറ്റിംഗിൽ 3 മാസത്തെ ഓൺലൈൻ കോഴ്സ് നൽകുന്നു. കോഴ്സ് പൂർത്തിയാക്കുന്നവർക്ക് 6 മാസം സാഫ് യൂണിറ്റിന്റെ ഓൺലൈൻ മാർക്കറ്റിംഗ് & സെയിൽസിൽ സൗജന്യ പ്രായോഗിക പരിശീലനം നൽകുന്നു. പരിശീലന കാലയളവിൽ ആവശ്യമായ സാങ്കേതിക സൗകര്യങ്ങൾ (ടാബ്‌ലറ്റ്) പഠിതാക്കൾക്ക് നൽകുന്നു. കൂടാതെ പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക്

സർട്ടിഫിക്കറ്റും നൽകുന്നു. സാഫിന്റെ ഉൽപ്പന്നങ്ങൾക്ക് മാർക്കറ്റ് കണ്ടെത്തുന്നതിനും ഡിജിറ്റൽ മീഡിയ & മാർക്കറ്റിംഗ് രംഗത്തേക്ക് മത്സ്യത്തൊഴിലാളി വനിതകൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിനും ഇതുവഴി സാധിക്കും.

**<u>മത്സ്യഫെഡ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ</u>**

മത്സ്യവിൽപ്പനയും അനുബന്ധ തൊഴിലുകളും ചെയ്യുന്ന മത്സ്യത്തൊഴിലാളികളായ സ്ത്രീകളുടെ ഉന്നമനത്തിനു വേണ്ടി മത്സ്യഫെഡ് കൈകൊണ്ട നടപടികൾ ചുവടെ ചേർക്കുന്നു.

മത്സ്യക്കച്ചവടം ചെയ്യുന്ന സ്ത്രീകളുടെ ഉന്നമനത്തിനു വേണ്ടി മത്സ്യഫെഡ് പലിശ രഹിത വായ്പ നൽകി വരുന്നു. ഈ പദ്ധതി വഴി മത്സ്യ വിപണനത്തിലേർപ്പെട്ടിരിക്കുന്ന വനിതകൾക്ക് പലിശ രഹിത വായ്പ വിവിധ ഘട്ടങ്ങളിലായി വിതരണം ചെയ്തുവരുന്നു. ആദ്യ വായ്പ 1000/- രൂപ ഒരു വർഷകാലാവധിയിൽ തിരിച്ചടയ്ക്കുന്ന ഗുണഭോക്താക്കൾക്ക് തുടർവായ്പയായി 20000/- രൂപ വിതരണം ചെയ്യുന്നു. പലിശ രഹിത വായ്പ വിതരണത്തിനാവശ്യമായ വായ്പ തുക മത്സ്യഫെഡ് ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ (എൻ.ബി.സി.എഫ്.ഡി.സി) ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ (എൻ.എം.ഡി.എഫ്.സി.) എന്നീ സ്ഥാനപനങ്ങളിൽ നിന്നും വായ്പയായി ലഭ്യമാക്കുന്നു. വായ്പയുടെ പലിശ തുക സംസ്ഥാന സർക്കാർ മത്സ്യഫെഡിന് അനുവദിച്ച് നൽകുന്നു. പ്രാഥമിക മത്സ്യത്തൊഴിലാളി സംഘങ്ങൾ വഴിയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. മത്സ്യഫെഡ് വഴി നടപ്പിലാക്കുന്ന മത്സ്യവിപണന പദ്ധതിയുടെ ഭാഗമായി ആരംഭിച്ച 53 ഫിഷ് മാർട്ടുകളിലും 10 സഞ്ചരിക്കുന്ന മത്സ്യവില്പനശാലയിലും മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളിലെ സ്വയം സഹായ ഗ്രൂപ്പിലെ അംഗങ്ങളായ വനിതകൾക്ക് പരിശീലനം നൽകികൊണ്ട് അവരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിന് മാർട്ടുകളിൽ തൊഴിൽ നൽകി വരുന്നു. ഇതിനു പുറമേ എറണാകുളം ജില്ലയിൽ പ്രവർത്തിക്കുന്ന മത്സ്യഫെഡ് ഐസ് & ഫ്രീസിംഗ് പ്ലാന്റിൽ (MIFP) സ്വയം സഹായ ഗ്രൂപ്പുകളിലെ വനിതകളാണ് മത്സ്യ സംസ്കരണം നടത്തുന്നതും, റെഡി റ്റു ഈറ്റ്, റെഡി റ്റു കുക്ക് വിഭവങ്ങളായ വിവിധ തരം മത്സ്യ അച്ചാറുകളും (ചെമ്മീൻ, ചൂര, ഓലക്കൊടി, കണവ) കട്‌ലറ്റ്, പീര എന്നീ ഉൽപ്പന്നങ്ങളും നിർമ്മിക്കുന്നതും.

## അനുബന്ധം 2

സാഫിന്റെ ഉദ്ദേശലക്ഷ്യങ്ങൾ

1) പ്രാദേശികമായി രൂപീകരിക്കപ്പെട്ടിട്ടുള്ള പരമ്പരാഗത മത്സ്യത്തൊഴിലാളി കുടുംബങ്ങൾ അംഗങ്ങളായുള്ള സമൂഹാധിഷ്ഠിത സംഘടന സംവിധാനങ്ങളെ പ്രോത്സാഹിപ്പിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുക.

2) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള മത്സ്യത്തൊഴിലാളി വനിതകൾക്ക് തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ആവശ്യമായ സംരംഭകത്വ പരിശീലനം, വൈദഗ് ധ്യ പരിശീലനം. ബിസിനസ്സ് ഡെവലപ്പ്മെൻറ് പ് ളാൻ തയ്യാറാക്കൽ, റിസോഴ്സ് ആൻറ് മാർക്കറ്റ് സർവ്വെ സംഘടിപ്പിക്കൽ, പെർഫോമൻസ് ഇംപ്രൂമെൻറ് പ്രോഗ്രാം തുടങ്ങിയ വിവിധതരം പരിശീലനങ്ങൾ സംഘടിപ്പിക്കുകയും സംരംഭകർക്ക് പ്രചോദനം നൽകുകയും, സംരംഭങ്ങൾ ആരംഭഘട്ടത്തിൽ പാളിച്ചകൾ ഉണ്ടാകാതെ കാത്തുസൂക്ഷിക്കുകയും കൈ പിടിച്ച് നടത്തുകയും സംരംഭങ്ങൾക്ക് ആവശ്യമായ വായ്പസൗകര്യങ്ങൾ ഏർപ്പെടുത്തുകയും ചെയ്യുക.

3) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലൂടെ നടപ്പാക്കിവരുന്ന വിവിധ വികസന പ്രവർത്തനങ്ങളും വനിതാക്ഷേമ പ്രവർത്തനങ്ങളും മത്സ്യത്തൊഴിലാളി വനിതകൾക്ക് ലഭ്യമാക്കുന്നതിന് സഹായിക്കുക.

4) ഗ്രാമ പഞ്ചായത്തുകളിലും നഗരസഭകളിലും രൂപീകരിച്ചിട്ടുള്ള അയൽക്കൂട്ടങ്ങളിലെ പരമ്പരാഗത മത്സ്യത്തൊഴിലാളി വിഭാഗത്തിൽപ്പെട്ട ദരിദ്ര കുടുംബങ്ങളിലെ സ്ത്രീകളിൽ നിന്നും സംരംഭകരെ കണ്ടെത്തുകയും, പുതിയ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുകയും ചെയ്യുക.

5) ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും പ്രവർത്തിച്ചുവരുന്ന ദരിദ്രകുടുംബങ്ങളുടെ സമൂഹാധിഷ്ഠിത സംഘടനാ സംവിധാനം ശക്തിപ്പെടുത്തുക.

6) ഗ്രാമപഞ്ചായത്ത്/മുൻസിപ്പൽ തലത്തിൽ ഒരു ഉദ് പാദന വിപണന ശൃംഖല തയ്യാറാക്കുകയും മറ്റ് സമാന മേഖലകളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുകയും ചെയ്യുക.

7) ദാരിദ്ര്യ നിർമാർജ്ജന പരിപാടികൾ ഏറ്റെടുത്തും ഏകോപിപ്പിച്ചും ആസൂത്രണം ചെയ്തു നടപ്പിലാക്കുക.

8) വനിതാ മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനായി പ്രവർത്തിക്കാൻ കഴിയുന്ന വിവിധ വകുപ്പുകളുടെ സേവനങ്ങളും വിഭവങ്ങളും ആവശ്യാധിഷ്ഠിതമായി സമന്വയിപ്പിച്ച് ലഭ്യമാക്കുക.

9) പരമ്പരാഗത മത്സ്യത്തൊഴിലാളി മേഖലയിൽ നിലവിലുള്ള സ്വയം സഹായ സംഘങ്ങളിൽ അംഗങ്ങൾ അല്ലാത്തവരും എന്നാൽ ദരിദ്ര കുടംബങ്ങളിൽപ്പെട്ടവരുമായ വനിതകളെ സംഘടിപ്പിച്ച് തൊഴിൽ

സംഘങ്ങൾ രൂപീകരിക്കുകയും തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുകയും ചെയ്യുക.

10) പരമ്പരാഗത മത്സ്യത്തൊഴിലാളി മേഖലയിലെ ദരിദ്രകുടുംബങ്ങളുടെ ആരോഗ്യ-വിദ്യാഭ്യാസ കാര്യങ്ങളിൽ പുരോഗതി കൈവരിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ വനിതകളുടെ നേതൃത്വത്തിൽ സംഘടിപ്പിക്കുക.

11) പരമ്പരാഗത മൽസ്യത്തൊഴിലാളി മേഖലയിലെ ദരിദ്രകുടുംബങ്ങളുടെ ജീവിതത്തിന്റെ സമസ്ത മേഖലയിലും പുരോഗതി കൈവരിക്കുന്നതിന് ആവശ്യമായ പദ്ധതികൾ ആവിഷ്കരിക്കുന്നതിന് പ്രാപ്തരായവരും വിവിധ സേവനതുറകളിൽ പരിചയം സിദ്ധിച്ചവരുമായ ഉദ്യോഗസ്ഥർ അടങ്ങിയ ഒരു മൾട്ടിഡിസിപ്ലിനറി ടീമിനെ നിയോഗിക്കുക.

12) പരമ്പരാഗത മത്സ്യത്തൊഴിലാളി മേഖലയിൽ പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ശേഷി വർദ്ധിപ്പിക്കുക.

13) തീരദേശ നിവാസികളായ വനിതകളുടെ സംഘടിതമായ പ്രവർത്തനം ശക്തിപ്പെടുത്തുകയും മേഖലയുടെ വികസനത്തിനു വേണ്ടി കായിക സാമ്പത്തിക ശേഷി സമാഹരിക്കുകയും ചെയ്യുക.

14) പരമ്പരാഗത മൽസ്യത്തൊഴിലാളികളുടെ അടിസ്ഥാന സൗകര്യങ്ങളും അടിസ്ഥാനാവകാശങ്ങളും സംരക്ഷിക്കുന്നതിന് വേണ്ട പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തുക.

15) തീരപ്രദേശത്തെ മാലിന്യ മുക്തമാക്കുന്നതിനും വൃത്തിയും വെടിപ്പുമുള്ള അന്തരീക്ഷം സൃഷ്ടിക്കുന്നതിനും വ്യക്തിശുചിത്വം, കുടുംബശുചിത്വം, സമൂഹശുചിത്വം എന്നിവയിൽ അവബോധം സൃഷ്ടിക്കുന്നതിനും വേണ്ട പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തുക

16) പരമ്പരാഗത മൽസ്യത്തൊഴിലാളി കുടുംബങ്ങളിലെ 100% കുട്ടികളും സ്കൂളിൽ പോകുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും സ്കൂളിൽനിന്നുള്ള കൊഴിഞ്ഞുപോക്ക് തടയുന്നതിന് ഉചിതമായ പദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്യുക.

17) വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്ന പരമ്പരാഗത മൽസ്യത്തൊഴിലാളി കുടുംബങ്ങളിലെ കുട്ടികളുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിന് പ്രത്യേക റെമഡിയൽ എഡ്യൂക്കേഷൻ സെന്ററുകൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുക.

18) ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള പരമ്പരാഗത മൽസ്യത്തൊഴിലാളികൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും മത്സ്യബന്ധനം, മത്സ്യസംസ്കരണം, കൃഷി, കച്ചവടം തുടങ്ങിയ കാര്യങ്ങളിൽ തൊഴിൽസംരംഭങ്ങൾ തുടങ്ങുന്നതിനാവശ്യമായ വായ്പാസൗകര്യങ്ങൾ ലഭ്യമാക്കുക.

19) പരമ്പരാഗത മൽസ്യത്തൊഴിലാളികളുടെ അർഹതപ്പെട്ട കുടുംബാംഗങ്ങൾക്ക് വിദ്യാഭ്യാസം, വിവാഹം, ചികിത്സ തുടങ്ങിയ അത്യാവശ്യഘട്ടങ്ങളിൽ

വായ്പസഹായം നൽകുക.

20) പരമ്പരാഗത മൽസ്യത്തൊഴിലാളികൾക്ക് സേവന ഉൽപ്പാദന സംസ്കരണ വിപണന മേഖലകളിൽ ചെറുകിട തൊഴിൽ സംരംഭങ്ങൾ കണ്ടെത്തുന്നതിനും വായ്പാ സഹായം നൽകുക.

21) സംഘാംഗങ്ങളിൽനിന്നും മറ്റു സ്ഥാപനങ്ങളിൽ നിന്നും നിക്ഷേപങ്ങൾ സ്വീകരിക്കുക ആവശ്യമുള്ള പക്ഷം മറ്റു സ്ഥാപനങ്ങളിൽ നിക്ഷേപം നടത്തുക.

**22)** മൽസ്യത്തൊഴിലാളി സ്ത്രീകളുടെ കുടുംബ വരുമാനം വർദ്ധിപ്പിക്കുന്നതിനു വേണ്ടി മറ്റു സംരംഭങ്ങളിൽ ഏർപ്പെടുവാൻ അവർക്ക് വായ്പാ സഹായം നൽകുക.